**THEJAS**

**Tag on tuna gill to plumb depths of ocean studies**

Date: **08-02-2015** | Edition: **KOCHI** | Page No: **12** | Clip size (cm) - W: **16** H: **10**

# മൽസ്യത്തിന്റെ സഞ്ചാരവഴികൾ പഠിക്കാൻ യന്ത്രക്കമ്മലുമായി ഇൻകോയിസ്

**കൊച്ചി:** മൽസ്യത്തിനും കമ്മലിടുകയാണ് ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ -സർവീസസ് (ഇൻകോയിസ്). ആ കമ്മൽ പക്ഷേ, ഒരു തിരിച്ചറിയൽ ഉപകരണമാണ്. മൽസ്യം പോവുന്ന വഴികൾ, അവയുടെ ആവാസ വ്യവസ്ഥ മുതലായവയെല്ലാം ജി.പി.എസിന്റെയും ഉപഗ്രഹത്തിന്റെയും സഹായത്തോടെ മനസ്സിലാക്കി വിവരശേഖരം തയ്യാറാക്കുകയും അവ മൽസ്യത്തൊഴിലാളികൾക്കും മറ്റും ലഭ്യമാക്കുകയുമാണ് പിസാറ്റ് (പോപ്പപ് സാറ്റലൈറ്റ് ആർക്കൈവൽ ടാഗ് ) എന്ന ഫിഷ് ടാഗിലൂടെ ഇൻകോയിസ് ചെയ്യുന്നത്.

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയുടെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ലോക സമുദ്ര ശാസ്ത്ര കോൺഗ്രസ്സിലെ




**ഇൻകോയിസ് വികസിപ്പിച്ച ഫിഷ് ടാഗ്**

ഇൻകോയിസിന്റെ സ്റ്റാളിൽ ഈ ചെറു ഉപകരണവും പ്രദർശിപ്പിച്ചിട്ടുണ്ട്. ചൂരമൽസ്യത്തിലാണ് ഈ ഉപകരണം ഇപ്പോൾ ഘടിപ്പിക്കുന്നത്.

മൽസ്യത്തൊഴിലാളികളുടെ സഹായത്തോടെ പിടികൂടുന്ന മൽസ്യത്തിന്റെ ചെകിളയിൽ ഈ ടാഗ് ഘടിപ്പിക്കുകയാണു ചെയ്യുന്നത്. 40 ഗ്രാം തൂക്കവും ആന്റിന ഉൾപ്പെടെ 12 ഇഞ്ച് നീളവുമുള്ള ഈ ടാഗ്, മൽസ്യത്തിന് യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കില്ല. മൂന്നുമാസം ഈ മൽസ്യം സഞ്ചരിക്കുന്ന വഴികൾ നിരീക്ഷിക്കുകയും അവിടങ്ങളിലെ ആഴം, താപനില തുടങ്ങിയവ ഫിഷ് ടാഗിനുള്ളിലെ ഉപകരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്യും. മൂന്നുമാസത്തിനുശേഷം ഈ ഉപകരണം മൽസ്യത്തിന്റെ ചെകിളയിൽനിന്ന് തനിയെ വേർപെട്ട് ജലോപരിതലത്തിൽ വരുകയും ഇതിലെ വിവരങ്ങൾ ഉപഗ്രഹം വഴി ഇൻകോയിസിന്റെ മോണിറ്ററിങ് സംവിധാനത്തിൽ എത്തിക്കുകയും ചെയ്യും. അതോടെ ഈ ഉപകരണം ഉപേക്ഷിക്കും.

പിസാറ്റുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണെന്ന് പ്രൊജക്ട് അസിസ്റ്റന്റ് റോസ് പി ബ്രൈറ്റ് പറഞ്ഞു. ഗോവ, കർണാടക, തമിഴ്നാട് എന്നീ മേഖലകളിലായി 12 മൽസ്യങ്ങളിലാണ് പ്രാഥമികമായി ഈ ടാഗ് ഘടിപ്പിച്ചുവിട്ടത്. അതിൽ നാലെണ്ണത്തിൽനിന്നുള്ള വിവരങ്ങൾ ലഭ്യമായിക്കഴിഞ്ഞു.

ഇര തേടി സഞ്ചരിക്കുന്ന ചൂരമീനുകളുടെ സഞ്ചാരപാത ചെറുമൽസ്യങ്ങളുടെ ആവാസകേന്ദ്രങ്ങൾ കണ്ടെത്താനുള്ള ഉപാധി കൂടിയാണ്. ചെറുമീനുകളാണ് ചൂരയുടെ ആഹാരമെന്നതിനാലാണിത്. കയറ്റുമതിമൂല്യം ഏറ്റവുമധികമുള്ള മൽസ്യമാണിതെങ്കിലും മൽസ്യബന്ധന തൊഴിലാളികളും ചൂരയെ തേടി അധികം പോവാറില്ല. ഈ സാഹചര്യത്തിലാണ് ചൂരമീനിൽ തന്നെ ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഇൻകോയിസ് തീരുമാനിച്ചത്.